# രണ്ടാം സമ്മേളനം

## (2016 സെപ്റ്റംബർ 26 മുതൽ - നവംബർ 9 വരെ)

(1) <u>ബിൽ നിയമവിരുദ്ധമാണെന്നത് സംബന്ധിച്ച്</u>

2016 സെപ്റ്റംബർ 26-ാം തീയതി 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിച്ചതിനുശേഷം ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാക്കുന്നതിന് സർക്കാർ നയപരമായി തീരുമാനം കൈക്കൊണ്ടതിനാൽ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലെന്ന് വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചതിനുശേഷം അതേ ആക്ടിന്റെ ഭേദഗതി ബിൽ അവതരിപ്പിക്കുന്നത് നിയമവിരുദ്ധവും സഭയോടുള്ള അവഹേളനവുമാണെന്നും പ്രധാന ആക്ടിലെ 6-ാം വകുപ്പ് <u>എടുത്തു</u> കളയാതെ 5-ാം വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായാണ് ഭേദഗതി ബില്ലിൽ 6-ാം വകുപ്പ് കൊണ്ടുവന്നിരിക്കുന്നതെന്നും സ്പെഷ്യൽ റൂളുണ്ടാക്കാൻ കാലതാമസമുള്ളതുകൊണ്ടാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചതെന്ന വാദം നിരർത്ഥകമാണെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് <u>വിടാനുള്ള</u> നയപരമായ

തീരുമാനമെടുക്കുകയും ഈ ആക്ടിനും റൂളിനും ഭാവിയിൽ പ്രസക്തിയില്ലെന്ന് നിയമസഭയിൽ പ്രഖ്യാപിക്കുകയും ചെയ്തതിനുശേഷം ബിൽ വീണ്ടും കൊണ്ടുവരുന്നത് വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ ഉറപ്പിന്റെ ലംഘനമാണെന്നും ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് ക്രമപ്രകാരമല്ലെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് പ്രതിപക്ഷത്തെ മറ്റൊരംഗവും ക്രമപ്രശ്നം ഉന്നയിച്ചു.

ദേവസ്വം നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് സർക്കാർ തീരുമാനമെടുത്തപ്പോൾ ക്ഷേത്രാചാരപ്രകാരമുള്ള കുറേ തസ്തികകളുടെ നിയമനങ്ങൾ ബോർഡ് കൈകാര്യം ചെയ്യണമെന്ന തീരുമാനം എടുത്തിരുന്നുവെങ്കിലും തുടർന്നുവന്ന സർക്കാർ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട നടപടി മരവിപ്പിക്കുകയാണ് ചെയ്തത്. ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന ഭരണസ്തംഭനം ഒഴിവാക്കുന്നതിനും ക്ഷേത്രവുമായി നേരിട്ട് ബന്ധമുള്ള നിയമനങ്ങൾ നടത്തുന്നതിനും ഒരു സംവിധാനം ആവശ്യമായതിനാലാണ് നിലവിലെ നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. 2011-ൽ ദേവസ്വം ബോർഡിലെ ഭരണപരമായ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എൽ.ഡി.എഫ്. ഗവൺമെന്റ് പൂർത്തീകരിച്ച സന്ദർഭത്തിലാണ് സംസ്ഥാനത്ത് ഭരണമാറ്റം ഉണ്ടായതെന്നും റൂൾസ് ഫ്രെയിം ചെയ്യുന്നതിനായി അസാധാരണ ഗസറ്റ് വിജ്ഞാപനവും വന്നിരുന്നുവെന്നും ബഹുമാനപ്പെട്ട വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി

വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത ബില്ലുകൾക്ക് അവതരണാനുമതി തേടേണ്ടതില്ല. സാധാരണഗതിയിൽ ഭരണഘടനാവിരുദ്ധമായതും ഗവർണ്ണറുടെ ശിപാർശ ലഭ്യമാകേണ്ടതുമായ ബില്ലുകളെ സംബന്ധിച്ചും അംഗങ്ങൾക്ക് പകർപ്പ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട ആക്ഷേപം ഉയർന്നുവരുമ്പോഴും ധനകാര്യമെമ്മോറാണ്ടം, ഉദ്ദേശ്യകാരണങ്ങൾ തുടങ്ങിയവയുടെ വിശദീകരണമില്ലാത്ത സാഹചര്യത്തിലുമാണ് സഭയുടെ കീഴ്‌വഴക്കമനുസരിച്ച് തടസ്സവാദങ്ങൾ ഉന്നയിക്കാറുള്ളത്. സർക്കാർ നയത്തിൽ ഉറച്ചുനിൽക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു. നയപരമായ കാര്യങ്ങളിൽ ഇടപെടുന്നതിന് ചെയറിന് പരിമിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല"

---

* XIV KLA/II Session Vol.163 Report No. 1 dated 26-09-2016